LIBRARY ARCHIVES Kerala Legislative Assembly

സഹകരണ ബാങ്കുകളിലെ ദീർഘകാല നിക്ഷേപങ്ങൾ

*22 [463] ശ്രീ. എം. വി. ജയരാജൻ:

ശ്രീമതി പി. കെ. ശ്രീമതിടീച്ചർ:

ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലെ ദീർഘകാല നിക്ഷേപങ്ങൾ വികസന പദ്ധതികൾക്ക് പ്രയോജനപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പദ്ധതികൾക്ക് സഹകരണ ബാങ്കുകൾ വായ്പ നൽകാറുണ്ടോ;

(സി) ഏതെല്ലാം നിലയിലുള്ള വികസന പദ്ധതികൾക്കാണ് സഹകരണ ബാങ്കുകൾ ഇപ്പോൾ വായ്പ ലഭ്യമാക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ഡി) നബാർഡ് റോഡുകളുടേയും പാലങ്ങളുടേയും നിർമ്മാണത്തിന് സർക്കാരിന് നൽകുന്ന വായ്പകൾ സഹകരണ ബാങ്കുകൾ മുഖേനയാണോ എന്നറിയിക്കാമോ;

(ഇ) സഹകരണ ബാങ്കുകളുടെ പണം ട്രഷറിയിൽ നിക്ഷേപിക്കാൻ പാടില്ലെന്ന നബാർഡ് വ്യവസ്ഥ ഇപ്പോൾ നിലവിലുണ്ടോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) ഉണ്ട്.

(ബി ആന്റ് സി) ഉണ്ട്. ഷോപ്പിംഗ് കോംപ്ലക്സ്, ആഡിറ്റോറിയം, ഭവന നിർമ്മാണം തുടങ്ങിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പദ്ധതികൾക്ക് സഹകരണ ബാങ്കുകൾ വായ്പ നൽകാറുണ്ട്.

(ഡി) അല്ല.

(ഇ) ഇല്ല.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കേരളത്തിലെ വ്യവസായ സ്ഥാപനങ്ങളെ സഹായിക്കാനുള്ള കേന്ദ്ര ബഡ്ജറ്റിലെ നിർദ്ദേശങ്ങൾ

1 [3007] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 ജൂലായ് 8-ന് അവതരിപ്പിച്ച കേന്ദ്ര ബഡ്ജറ്റിൽ കേരളത്തിലെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ സഹായിക്കാനുള്ള എന്തെല്ലാം നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ;